(15) ടോൾ പിരിവ് നിർത്തലാക്കൽ

ശ്രീ. സി. പി. മുഹമ്മദ് : സർ, തൃശ്ശൂർ-മലപ്പുറം റോഡിലെ ഷൊർണ്ണൂർ-കൊച്ചി പാലത്തിലേയും പുലാമന്തോൾ പാലത്തിലേയും ടോൾ പിരിവുകൾ നിർത്തലാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ രണ്ട് പാലങ്ങളും പൂർത്തിയായിട്ട് പന്ത്രണ്ട് വർഷത്തോളമായി. അഞ്ച് കോടി രൂപയിലധികം ചെലവുവരാത്ത പാലങ്ങളുടെ ടോൾ പിരിവ് നിർത്തുമെന്ന് പറഞ്ഞിട്ടും പുലാമന്തോൾ പാലത്തിന്റെ ടോൾ പിരിവ് ഇതുവരെ നിർത്താൻ സാധിച്ചിട്ടില്ല. ഇപ്പോൾ അതിന്റെ പരിധി പത്ത് കോടി രൂപയാക്കി മാറ്റിയിട്ടുണ്ട്. പുലാമന്തോൾ പാലത്തിന് മൂന്ന് കോടിയിൽപ്പരം രൂപ മാത്രമേ ചെലവായിട്ടുള്ളൂ. Roads and Bridges Development Corporation ആണ് ആ വർക്ക് ഏറ്റെടുത്തത് എന്നതുകൊണ്ട് അതിന്റെ ടോൾ പിരിവ് നിർത്താതിരിക്കുന്നത് തെറ്റാണ്. അത് ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ സാധിക്കില്ല. കൊച്ചി പാലത്തിന് ടോൾ പിരിവ് നടത്തിയതുവഴി എത്ര രൂപ പിരിഞ്ഞുകിട്ടിയെന്ന് പരിശോധിക്കാനും പുലാമന്തോൾ പാലത്തിന്റെ ടോൾ പിരിവ് ഉടൻതന്നെ നിർത്തലാക്കാനും വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ഷൊർണ്ണൂർ-കൊച്ചി പാലം നിർമ്മിച്ചിരിക്കുന്നത് പൊതുമരാമത്ത് വകുപ്പും പുലാമന്തോൾ പാലം നിർമ്മിച്ചത് Roads and Bridges Development Corporation-ഉം ആണ്. പൊതുമരാമത്ത് വകുപ്പ് സർക്കാർ ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടത്തുമ്പോൾ ആർ.ബി.ഡി.സി.കെ. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കടമെടുത്ത തുക കൊണ്ടാണ് നിർമ്മാണം നിർവ്വഹിക്കുന്നത്. പൊതുമരാമത്ത് വകുപ്പ് ടോൾ പിരിവ് നടത്തുന്നത് Kerala Tolls Act 1976 പ്രകാരവും ആർ.ബി.ഡി.സി.കെ. ടോൾ പിരിക്കുന്നത് Kerala Road Fund Act 2001 പ്രകാരവുമാണ്. Kerala Tolls Act പ്രകാരവും Kerala Road Fund Act പ്രകാരവും ടോൾ കാലാവധി ടോൾ പിരിവ് തുടങ്ങി 15 വർഷം പൂർത്തിയാകുന്നതുവരെയോ നിർമ്മാണ ചെലവും പലിശയും ചേർത്തുവരുന്ന തുക പൂർണ്ണമായും പിരിഞ്ഞു കിട്ടുന്നതുവരെയോ മാത്രമാണ്. ഷൊർണ്ണൂർ-കൊച്ചി പാലത്തിന്റെ ടോൾ പിരിവ് തുടങ്ങിയത് 26-1-2003-ലും പുലാമന്തോൾ പാലത്തിന്റെ ടോൾ പിരിവ് തുടങ്ങിയത് 9-3-2005 മുതലുമാണ്. പത്ത് കോടി രൂപയിൽ കുറവ് നിർമ്മാണ ചെലവ് വരുന്ന പാലങ്ങളെയാണ് Kerala Tolls Act-ലെ ഭേദഗതി പ്രകാരം ടോൾ പിരിവിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. ഷൊർണ്ണൂർ-കൊച്ചി പാലത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാണച്ചെലവ് 11.95 കോടി രൂപയായതിനാൽ ഇതിനെ ടോൾ പിരിവിൽനിന്നും ഇപ്പോൾ ഒഴിവാക്കാൻ സാധിക്കുകയില്ല. പൂലാമന്തോൾ പാലത്തിന്റെ നിർമ്മാണച്ചെലവ് മൂന്ന് കോടി നാല്പത്തിയഞ്ച് ലക്ഷം രൂപയാണെങ്കിലും ആർ.ബി.ഡി.സി.കെ. സർക്കാർ സഹായമില്ലാതെ ബാങ്കിൽ നിന്നും വായ്പ എടുത്താണ് പാലം നിർമ്മിച്ചിരിക്കുന്നത്. അതിനാൽ 15 വർഷമോ നിർമ്മാണച്ചെലവ് പൂർണ്ണമായും തിരിച്ച് ലഭിക്കുന്നതുവരെയോ ടോൾ പിരിക്കാൻ അവകാശമുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അഭ്യർത്ഥന മാനിച്ച് ടോൾ പിരിവ് നടത്തിയതിലൂടെ എത്ര രൂപ പിരിഞ്ഞുകിട്ടിയെന്ന് പരിശോധിച്ചതിനു ശേഷം പൂലാമന്തോൾ പാലത്തിന്റെ ടോൾ പിരിവ് നിർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(16) നാലുവരിപ്പാത നിർമ്മാണം

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : സർ, തൃശ്ശൂർ-കുറ്റിപ്പുറം സ്റ്റേറ്റ് ഹൈവേ റോഡ് വൻതോതിൽ ഗതാഗതക്കുരുക്കുള്ള റോഡാണ്. ആയിരക്കണക്കിന് വാഹനങ്ങളാണ് ദിനംപ്രതി ഈ റോഡിലൂടെ കടന്നുപോകുന്നത്. ഈ റോഡിന്റെ തൃശ്ശൂർ മുതൽ കേച്ചേരിവരെയുള്ള ഭാഗം നാലുവരിയാക്കുന്ന പ്രവൃത്തി മന്ദഗതിയിലാണെങ്കിലും നടന്നുവരുന്നുണ്ട്. കേച്ചേരി മുതൽ ചൂണ്ടൽ വരെയുള്ള ഭാഗത്ത് ലാന്റ് അക്വിസിഷനും മറ്റും നടന്നുവരികയാണ്. ഈ റോഡിൽത്തന്നെ കെ.എസ്.ടി.പി. പണി കഴിപ്പിച്ച് പി.ഡബ്ല്യു.ഡി.-ക്ക് കൈമാറിയ ചൂണ്ടൽ മുതൽ കുറ്റിപ്പുറം വരെയുള്ള ഭാഗം റോഡിന് ഗതാഗതത്തിരക്കിനനുസൃതമായി മതിയായ വീതിയില്ലാത്തതിനാൽ വലിയ ട്രാഫിക് ജാമും ഇടയ്ക്കിടയ്ക്ക് അപകടങ്ങളുമുണ്ടാകാറുണ്ട്. ഈ ഭാഗത്തുണ്ടായ അപകടങ്ങളിലൂടെ നിരവധി പേരാണ് മരണമടഞ്ഞിട്ടുള്ളത്. റോഡ് വികസനത്തിനായി ഏറ്റെടുത്ത സ്ഥലം പല ഭാഗത്തും ഉപയോഗിക്കാതെ കിടക്കുകയാണ്. ഇത് ഉപയോഗപ്പെടുത്തി പെരുമ്പിലാവ് മുതൽ കുറ്റിപ്പുറം വരെയുള്ള ഭാഗത്ത് നാലുവരിപ്പാത നിർമ്മിക്കുകയും ഡിവൈഡർ പണിയുകയും ചെയ്താൽ ഗതാഗതക്കുരുക്കിനും ഇടയ്ക്കിടെയുണ്ടാകുന്ന വാഹനാപകടങ്ങൾക്കും വലിയ തോതിൽ പരിഹാരമുണ്ടാകും. അതിനുള്ള നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതിനായി ഒരിഞ്ചുഭൂമിപോലും ഇനി അക്വിസിഷൻ നടത്തേണ്ടതായിട്ടില്ല. ഇന്ന് ഐക്യരാഷ്ട്രസഭയുടെ അഴിമതിവിരുദ്ധ ദിനമാണ്. ഞാൻ അഴിമതി ആക്ഷേപമൊന്നും ഉന്നയിക്കുകയല്ല, ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലേക്ക് ഒരു കാര്യം കൊണ്ടുവരികയാണ്. ഈ സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly